# നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്കു പ്രകാശവുമാകുന്നു

## സങ്കീർത്തനം 119:105

"നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്കു പ്രകാശവുമാകുന്നു."

സങ്കീർത്തനപുസ്തകത്തിലെ ഏറ്റം ദൈർഘ്യമേറിയ അദ്ധ്യായത്തിൽ നിന്നും ഏവർക്കും സുപരിചിതമായ വാക്യമാണല്ലോ നാം വായിച്ചത്. അന്ധകാരം നിറഞ്ഞ ലോകത്തിൽ ശരിയായ വഴി അറിയാതെ ആശയക്കുഴപ്പത്തിൽ ഓടിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടം. ഒരുവശം നന്മയുടെയും സത്യത്തിന്റെയും മാർഗ്ഗം, മറുഭാഗം വ്യാജമാർഗ്ഗങ്ങളും തിന്മയുടെ ശക്തികളും അതിഭയങ്കരമായി ഏറ്റുമുട്ടുന്നു. 'അന്ധകാരം' എന്ന വാക്ക് അത് കേവലം 'ഇരുട്ട്' എന്ന ഒരു അനുഭവം മാത്രമല്ല വ്യക്തമാക്കുന്നത്. പാപസാന്നിധ്യമുള്ള, പാപത്തിന് മനുഷ്യനെ അടിമത്വത്തിലാക്കുന്ന ഒരു അപകടകരമായ അവസ്ഥ ആകുന്നു. സങ്കീർത്തനം 119:105-ാം വാക്യത്തിലെ നാല് പദങ്ങൾ - കാല്, പാത, ദീപം, പ്രകാശം ഇവ ഒരു യാത്രയുടെ സൂചന തരുന്നു. ജീവിതത്തിൽ നാം ചെയ്യേണ്ട ഒരു യാത്രയിൽ വഴി ശരിയല്ലെങ്കിൽ, യാത്ര സുഗമമാകില്ല. നമുക്ക് പരിചയമില്ലാത്ത പാതയിലൂടെ യാത്ര ചെയ്യുമ്പോൾ, ഇന്ന് പല സാങ്കേതിക വിദ്യകളുടെ സഹായം മുമ്പിലുള്ള യാത്രയെ സുഖകരമാക്കുന്നു. എന്നാൽ വഴി മാത്രം പോര, മാർഗ്ഗമദ്ധ്യേയുള്ള കുഴികളും, ഗർത്തങ്ങളും, സൈൻബോർഡുകളും ഒക്കെ ശ്രദ്ധയിൽപ്പെടണമെങ്കിൽ വഴിവിളക്കുകളും വാഹനത്തിന്റെ ലൈറ്റുകളും ശരിയായി പ്രകാശിക്കണം.

യോഹന്നാന്റെ സുവിശേഷം 1-ാം അദ്ധ്യായം 1-ാം വാക്യം മുതൽ വായിക്കുമ്പോൾ നമുക്ക് വെളിപ്പെടുന്ന വെളിച്ചം ദൈവവചനമാണല്ലോ. ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്ക് വന്നുകൊണ്ടിരുന്നു (John 1:9) എന്നാണല്ലോ കാണുന്നത്. ദൈവവചനമായ കർത്താവ് മാത്രമാണ് നമ്മുടെ വെളിച്ചം. അവൻ നമ്മെ പ്രകാശിപ്പിക്കുക മാത്രമല്ല നമ്മുടെ പാതയ്ക്കും പ്രകാശം പരത്തുന്നു. പർവ്വതത്തിൽ കയറിയ മോശ, വചനത്തിൽ ജീവിച്ചപ്പോൾ, ആശ്രയിച്ചപ്പോൾ, അവന്റെ മുഖം പ്രകാശിച്ചു. ദൈവവചനമാകുന്ന തീപ്പന്തം കൈയ്യിലേന്തിപ്പോയ ഗിദെയോൻ, മിദ്യാന്യരെ തോല്പിച്ചു. അനേക പിതാക്കന്മാരുടെ ജീവിതം നമുക്കു മുമ്പിൽ മാതൃക നിൽക്കുന്നു.

ദൈവമക്കളായ നാം ഓരോരുത്തരും നിരന്തരം ഒരു യാത്രയിലാകുന്നുവല്ലോ. നിത്യത ലക്ഷ്യമായുള്ള ഒരു ആത്മീകയാത്ര. യേശുകർത്താവ് മാത്രം ലക്ഷ്യമായുള്ള, സുഗമമായ യാത്രയുടെ സൂത്രവാക്യമാണ്, ഇന്നത്തെ ചിന്തയിലൂടെ നാം ഏറ്റെടുക്കേണ്ടത്. ഇന്ന്

ലോകം നേരിടുന്ന ഏറ്റം വലിയ പ്രശ്നമാണ് ആത്മീക അന്ധകാരം. ഇതിന്റെ അകത്ത് കിടന്ന് ജീവിതങ്ങൾ ചുറ്റിത്തിരിയുന്നു. പ്രായഭേദമെന്യേ എല്ലാവരെയും ഇരുട്ടിന്റെ അകത്താക്കി ഓടിച്ചുകൊണ്ടിരിക്കുന്ന അപകടകരമായ ഒരു യാത്ര. എന്നാൽ ദൈവ പൈതലിന് ഭയപ്പെടേണ്ട ആവശ്യം ഇല്ല എന്ന് വചനം ഉറപ്പിച്ചു പറയുന്നു. കാരണം അവന്റെ കാലിനു ദീപമായും, പാതയ്ക്കു പ്രകാശവുമായി, ദൈവവചനം നിലകൊള്ളുന്നു.

ഇന്ന് വ്യക്തിജീവിതം തുടങ്ങി, ജീവിതത്തിന്റെ എല്ലാ മേഖലകളിലും, രാജ്യത്തിന്റെയും ഭരണകൂടത്തിന്റെയും നേതൃത്വങ്ങൾ വരെ, ശരിയായവഴി അറിയാതെ തകർന്നും പരാജയപ്പെട്ടും ഇരിക്കുന്നു. അതുകൊണ്ട് ഇതിന്റെ നടുവിലും നമ്മുടെ വഴിയും വെളിച്ചവുമായ ദൈവവചനം മുറുകെ പിടിക്കാം. പ്രത്യേകിച്ച് നമ്മുടെ തലമുറകളെ ദൈവ വചനബോധത്തിലും, സത്യവചനത്തിലും, ഊട്ടി ഉറപ്പിച്ച് വളർത്താൻ ദൈവകരങ്ങളിൽ സമർപ്പിക്കാം. ആവർത്തനപുസ്തകത്തിൽ മോശയോട് പറഞ്ഞതുപോലെ ദൈവവചനം നിന്റെ ഹൃദയത്തിൽ ഇരിക്കണം. നീ അവയെ മക്കൾക്ക് ഉപദേശിക്കുകയും, വീട്ടിൽ ഇരിക്കുമ്പോഴും, എഴുന്നേൽക്കുമ്പോഴും, വഴി നടക്കുമ്പോഴും അവയെ സംസാരിക്കുകയും വേണം എന്ന ദൈവവചനത്തോടു ചേർന്നു നിൽക്കാം. ഈ ഭാഗ്യാവ സ്ഥയിലായിരിക്കുന്ന ഒരു ക്രിസ്തീയ കുടുംബമായിത്തീരാൻ പ്രാർത്ഥിക്കാം.

ദൈവവചനത്തിന്റെ അനുഭവം ഒരു യാഥാർത്ഥ്യമായി, ആശ്രയമായി, ശക്തിയായി, ജീവിതങ്ങളിൽ നിറയട്ടെ. വഴിയാത്ര അറിയാതെ ആശങ്കപ്പെടുന്ന അവസരങ്ങളിൽ, 'ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു' എന്നു പറഞ്ഞ കർത്താവിൽ മാത്രം ശരണപ്പെടാം. ഇരുട്ടിലായിരിക്കുന്ന ജീവിതങ്ങളിൽ, ഈ പ്രകാശം ഉദിക്കാൻ നമുക്ക് പ്രാർത്ഥിക്കാം. അതേ, ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം നമ്മോടുകൂടെയുണ്ട്. നന്ദിയോടെ ദൈവത്തിന് സ്തുതിയും സ്തോത്രവും കരേറ്റാം. ആമ്മേൻ.

**പരാമർശം:**

സങ്കീർത്തനം 18:28

നീ എന്റെ ദീപത്തെ കത്തിക്കും; എന്റെ ദൈവമായ യഹോവ എന്റെ അന്ധകാരത്തെ പ്രകാശമാക്കും.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 150**